**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2065** **16-03-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ കേന്ദ്രമാക്കി ട്രാഫിക് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | null<br>(മുഖ്യമന്ത്രി) | |
| (എ) | ഗതാഗതക്കുരുക്ക് രൂക്ഷമായതിനാൽ നിലമ്പൂർ പോലീസ് സബ് ഡിവിഷനു കീഴിൽ നിലമ്പൂർ കേന്ദ്രമാക്കി പുതിയ ട്രാഫിക് യൂണിറ്റ് അനുവദിക്കാമോ; | (എ) | നിലമ്പൂർ ഉൾപ്പെടെ സംസ്ഥാനത്ത് പുതുതായി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | നിലവിലുള്ള നിലമ്പൂർ പോലീസ് സ്റ്റേഷൻ കെട്ടിടം ട്രാഫിക്ക് യൂണിറ്റിനായി വിട്ട് നൽകികൊണ്ട് നിലമ്പൂർ ഡി.വൈ.എസ്.പി. ഓഫീസ് പരിസരത്ത് ആധുനിക രീതിയിൽ പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുമോ; ഇതിനായുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | 'എ' യിൽ ചേർത്തിട്ടുണ്ട്. |
| (സി) | പുതുതായി അനുവദിച്ച നിലമ്പൂർ പോലീസ് സബ് ഡിവിഷൻ ഓഫീസിൽ ഡ്രൈവർ, റൈറ്റർ, ഓഫീസ് സ്റ്റാഫുകൾ എന്നിങ്ങനെ ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | നേരത്തെ സർക്കിൾ ഓഫീസുകളിൽ ഉണ്ടായിരുന്ന അംഗബലം പുതിയ സബ്ഡിവിഷൻ ഓഫീസുകളിൽ ഉപയോഗപ്പെടുത്തണമെന്ന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ